കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ദേവികുളങ്ങര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/എ.എൽ.പി/പി.11 /849/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 14/08/2025
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ദേവികുളങ്ങര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ദേവികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ദേവികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/എ.എൽ.പി/പി.11/849/2025 തീയ്യതി: 14/08/2025

ആലപ്പുഴ ജില്ലയിലെ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-06-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ലിജിലാൽ ബി.	ഡെപ്യൂട്ടിഡയറക്ടർ (ഹ.ഗ്രേ)	20-06-2025	28-06-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
20-06-2025	28-06-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മായാദേവി സി.എസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി സിന്ധ്യ പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഫമിൻ.എസ്.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജിനിൽ ആന്റണി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.എസ്.പവന നാഥൻ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ.പോൾ.വി.ജെ	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഡോ.അർച്ചന എസ് നായർ	വെറ്റിനറി സർജ്ജൻ	01-04-2024	30-05-2024
ഡോ.പ്രഭാവതി	വെറ്റിനറി സർജ്ജൻ	31-05-2024	13-06-2024
ഡോ .അശ്വനി ശിവൻ	വെറ്റിനറി സർജ്ജൻ	14-06-2024	24-07-2024
ഡോ.ആർഷ	വെറ്റിനറി സർജ്ജൻ	25-07-2024	31-03-2025
ശ്രീമതി ദേവു	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2024	08-08-2024
ശ്രീമതി ധന്യ മഹേഷ്	ഐ സി ഡി എസ് സൂപ്പർവൈസർ	09-08-2024	31-03-2025
Dr.അഖില	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2024	31-03-2025
Dr.ബാല ലക്ഷ്മി	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2024	31-03-2025
ശ്രീ.സണ്ണി കെ .പി	ഹെഡ് മാസ്റ്റർ	01-04-2024	31-03-2025
ശ്രീമതി.രമ്യ കെ ആർ	അസിസ്റ്റന്റ് എൻജിനീയർ	01-04-2024	22-09-2024
ശ്രീമതി ഗീതു	അസിസ്റ്റന്റ് എൻജിനീയർ	23-09-2024	14-11-2024
ശ്രീമതി പാർവ്വതി ദാസ്	അസിസ്റ്റന്റ് എൻജിനീയർ	15-11-2024	22-01-2025
ശ്രീമതി ലിഷ	അസിസ്റ്റന്റ് എൻജിനീയർ	23-01-2025	31-03-2025
ശ്രീ.യദു.ആർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീ.സുഭാഷ് ബാബു	അസി.സെക്രട്ടറി	01-04-2024	31-03-2025
ശ്രീ.അഖിൽ പ്രസാദ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീമതി എബി ബാബു	കൃഷി ഓഫീസർ	01-04-2024	31-03-2025
Dr.അഗസ്റ്റിൻ	മെഡിക്കൽ ഓഫീസർ, (എഫ്.എച്ച്.സി)	01-04-2024	31-07-2024
ഡോ.അജേഷ്	മെഡിക്കൽ ഓഫീസർ, (എഫ്.എച്ച്.സി)	01-08-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	കെട്ടിടങ്ങൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയില്ല	1-1-1
3	ഭൂമിയുടെ ആസ്തി മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല	1-1-2
4	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-1-3
5	റേഷ്യോകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-4
6	ബജറ്റ്	1-2
7	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)	1-3
8	ഫണ്ട് വിനിയോഗം	1-4
9	പദ്ധതി അവലോകനം	1-5
10	തൊഴിലുറപ്പ് പദ്ധതി	1-6
11	ക്ഷേമപദ്ധതികൾ	1-7
12	ക്യാഷ് വേരിഫിക്കേഷൻ	1-8
13	ആഭ്യന്തര നിയന്ത്രണ സംവിധാനം	1-9
14	ജൽ ജീവൻ മിഷൻ പ്രവർത്തനം	1-10
15	ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം	1-11
16	അൺ എയ്ഡഡ് സ്കൂളുകളിൽ നിന്നു വസ്തുനികുതി അസസ്സ് ചെയ്തു ഈടാക്കുന്നില്ല	1-12
17	ടവർ നിർമ്മാണം-വസ്തുനികുതി ചുമത്തിയില്ല	1-13
18	ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നില്ല	1-14
19	മുട്ടത്ത് മണ്ണേൽ ഫിഷ് ലാന്റിംഗ് സെന്റർ- നാളിതുവരെ വരുമാനദായകമാക്കാൻ സാധിക്കുന്നില്ല	1-15
20	കെ സ്മാർട്ടിൽ ഫീൽഡ് പരിശോധന പ്രകാരമുള്ള വസ്തുനികുതിയുടെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്തില്ല	1-16
21	തൊഴിൽ നികുതി - എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തുന്നില്ല	1-17
22	സ്ഥാപനതൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല	1-18
23	രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ	1-19
24	ജലസേചന വകുപ്പ് വഴിയുള്ള ഷട്ടർ മെയിന്റനൻസ് - പണി പൂർത്തിയായില്ല, ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല	1-20
25	റിംഗ് കമ്പോസ്റ്റ് ബിൻ വിതരണം - പദ്ധതി പൂർത്തിയാക്കിയില്ല	1-21
26	പുഷ്പകൃഷിക്ക് തൈയും വളവും - ഗുണഭോക്തൃ വിഹിതമിനത്തിലുള്ള 3875 രൂപ പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്നു	1-22
27	വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് – അർഹമായ തുക അനുവദിക്കപ്പെട്ടില്ല	1-23
28	ഉത്സവ അഡ്വാൻസ് തിരികെ ഈടാക്കിയില്ല	1-24
29	വാർഡ് 14ലെ അങ്കണവാടി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സോയിൽ ടെസ്റ്റിനായി തുക ചെലവഴിച്ചു-എന്നാൽ കെട്ടിട നിർമ്മാണം ആരംഭിച്ചില്ല	1-25
30	വയോജനങ്ങൾക്ക് കട്ടിൽ – പൂർണമായി വിതരണം ചെയ്തിട്ടില്ല	1-26
31	ഭിന്നശേഷിക്കാർക്ക് ആനുകൂല്യം - UDID (Unique Disability Identity Card) ലഭ്യമാക്കിയിട്ടില്ല	1-27
32	ഹോമിയോ ആശുപത്രിക്കു മരുന്ന് ലഭ്യമാക്കിയിട്ടില്ല	1-28
33	പഞ്ചായത്ത് ഓഫീസ് നവീകരണം – വി ഇ ഓ ഓഫീസ് പ്രവർത്തന ക്ഷമമാക്കിയില്ല	1-29
34	അമൃതം ന്യൂട്രിമിക്സ് -ചരക്ക് സേവന നികുതി സ്രോതസ്സിൽ കുറവ് ചെയ്തില്ല	1-30
35	വാർഡുകളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിയ്ക്കൽ പദ്ധതി നടപ്പാക്കിയില്ല	1-31
36	സാമൂഹ്യ സുരക്ഷ പെൻഷൻ - മരണപ്പെട്ടശേഷവും പെൻഷണറുടെ ബാങ്ക്	1-32

	അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തു	
37	എ.ബി.സി പ്രോഗ്രാം പദ്ധതി വിഹിതം - വിനിയോഗ വിവരം ലഭ്യമല്ല	1-33
38	കുടുംബാരോഗ്യ കേന്ദ്രത്തിനും പാലിയേറ്റീവ് കെയറിനും മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായത് ഭാഗികമായി മാത്രം	1-34
ഭാഗം 2		
1	സ്ഥാപനതൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല	2-1
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ്പ് പ്രീമിയം ഒടുക്കിയതിന്റെ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 20.05.2025-ലെ 3-ാം നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 31.05.2025 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **ദേവികുളങ്ങര ഗ്രാമ പഞ്ചായത്തിന്റെ** മാർച്ച് 2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി **ദേവികുളങ്ങര ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള** വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 കെട്ടിടങ്ങൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയില്ല

പഞ്ചായത്തിലെ കെട്ടിടങ്ങളുടെ ആകെ ആസ്തി മൂല്യം 53.5 ലക്ഷം രൂപയാണ്. ആകെ ഡിപ്രീസിയേഷൻ 6.82 ലക്ഷം രൂപ മാത്രമായിട്ടും കെട്ടിടങ്ങൾക്ക് തൻവർഷം ഡിപ്രീസിയേഷൻ കണക്കാക്കിയില്ല. ഇത് മൂലം 31.3.25 ലെ ബാലൻസ് ഷീറ്റിലെ ആകെ ആസ്തിമൂല്യം അയഥാർത്ഥമായി ഉയരാനിടയായി. (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/21.06.25) അപാകം പരിഹരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി).

1-1-2 ഭൂമിയുടെ ആസ്തി മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ (കാര്യാലയം സ്ഥിതി ചെയ്യുന്നതുൾപ്പടെ)

ആസ്തിമൂല്യം 31.3.2025 ലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല. ഇതുമൂലം ആകെ ആസ്തിമൂല്യം യഥാർത്ഥ മൂല്യത്തേക്കാൾ കുറഞ്ഞിരിക്കാനിടയാകുന്നു

1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആകയാൽ 31.3.25 ലെ ബാലൻസ് ഷീറ്റിലെ ആകെ ആസ്തിമൂല്യത്തിന്റെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.

1-1-4 റേഷ്യോകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

അക്കൌണ്ടിംഗ് ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്ന താരതമ്യ പത്രികകൾ അഥവ റേഷ്യോകൾ അടക്കമുള്ളവ വാർഷിക കണക്കിനൊപ്പം ഉൾചേർത്തിട്ടില്ല.

1-2 ബജറ്റ്

2024-2025 വർഷത്തെ ബജറ്റ് 13/02/2024 തീയതിയിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. റിവൈസ്ഡ് ബജറ്റ് 13.2.2025ലെ 4(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള വരവ് ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	വരവ്	ചെലവ്
ബജറ്റ് പ്രകാരം	262596000	260192200
വാർഷിക കണക്ക് പ്രകാരം (I&E)	150672186	147603621

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

മുന്നിരിപ്പ്	1,58,28,513
വരവ്	4,78,09,026
ആകെ	6,36,37,539
ചെലവ്	4,67,65,077
നീക്കിയിരിപ്പ്	1,68,72,462

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരുപ്പ് (രൂപ)	വരവ് (രൂപ)	ആകെ (രൂപ)	ചെലവ് (രൂപ)	ലാപ്സായ തുക/ നീക്കിയിരിപ്പ് (രൂപ)
വികസന ഫണ്ട്-ജനറൽ	0	13298000	13298000	13298000	00
വികസന ഫണ്ട്-എസ്.സി.പി	0	596,0000	596,0000	5266166	693834 (ലാപ്സായി)
റോഡ് മെയിന്റനൻസ് ഗ്രാന്റ്	0	10894000	10894000	4609885	6284115 (ലാപ്സായി)
നോൺ-റോഡ് മെയിന്റനൻസ് ഗ്രാന്റ്	0	8124000	8124000	4526679	3597321 (ലാപ്സായി)
സി.എഫ്.സി ഗ്രാന്റ് (Basic)	5,98,818	2329763 (89763 പലിശ)	2928581	2081601	846980
സി.എഫ്.സി ഗ്രാന്റ് (Tide)	21420	4960000	4981420	2713779	2267641
ഹെൽത്ത് ഗ്രാന്റ്	1060122	923628	1983750	1100787	882963 (36628 പലിശ)

1-5 പദ്ധതി അവലോകനം

2024-25 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത്	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം

(എണ്ണം)				(എണ്ണം)		
177	170811802	78	55446342	48	51	44.07

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	1434	1298890	1300324	1300324	0
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്		36376113	36376113	36376113	
	1434	37675003	37676437	37676437	0

1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	3805200	239
വിധവാപെൻഷൻ	11611700	764
വാർദ്ധക്യകാല പെൻഷൻ	27022200	2002
വികലാംഗ പെൻഷൻ	3647100	226
അവിവാഹിത പെൻഷൻ	600000	38

1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.06.2025 ന് 2.45 മണിക്ക് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 737/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും ഏതാനും ചില പോരായ്മകൾ നിലനിൽക്കുന്നു.

1. താരതമ്യേന വരുമാനം കുറഞ്ഞ ഗ്രാമപഞ്ചായത്തിൽ നിരവധി സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിയ്ക്കുന്നു. ഇത് പഞ്ചായത്തിന് ലഭിയ്ക്കേണ്ടവരുമാനം ഇല്ലാതാക്കുന്നു.

2. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറുന്നില്ല. അതിനാൽ തന്നെ പദ്ധതികളുടെ തുടർ നിരീക്ഷണം കാര്യക്ഷമമായി നടക്കുന്നില്ല.

3. പദ്ധതി ചെലവുകളുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥർ പ്രത്യേകം കാഷ് ബുക്ക് സൂക്ഷിയ്ക്കുന്നില്ല.

4. വിവിധ നിക്ഷേപ പ്രവൃത്തികളിൽ ഉൾപ്പെടുത്തി വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

5. ഗ്രാമപഞ്ചായത്തിന് പ്രധാന വരുമാന സ്രോതസ്സാക്കാവുന്ന മുട്ടത്ത് മണ്ണേൽ ഫിഷ് ലാന്റിംഗ് സെന്റർ ലേലം നടത്തി ലേലക്കാർക്ക് സുഗമമായ രീതിയിൽ പ്രവർത്തിയ്ക്കുന്നതിനാവശ്യമായ സൌകര്യങ്ങൾ ഒരുക്കുന്നില്ല. നിയമത്തിന്റെ പിൻബലത്തോടെ മുട്ടത്ത് മണ്ണേൽ ഫിഷ് ലാന്റിംഗ് സെന്ററിന്റെ ലേല നടപടികൾ സുഗമമായ രീതിയിയിൽ നടത്തേണ്ടതാണ്.

ആഭ്യന്തര നിന്ത്രണ സംവിധാനം കുറെക്കൂടി മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 ജൽ ജീവൻ മിഷൻ പ്രവർത്തനം

ദേവികുളങ്ങര ഗ്രാമപഞ്ചായത്ത് ജൽ ജീവൻ മിഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഇതുവരെ പണം ഒന്നും തന്നെ ചെലവഴിച്ചിട്ടില്ല. എന്നാൽ ജൽ ജീവൻ മിഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട ജൽ ജീവൻ മിഷൻ ഡയറക്ടർ കൂടിയായ കേരള വാട്ടർ അതോറിറ്റി എം.ഡി 20.02.2025 ൽ പഞ്ചായത്തിന് നൽകിയ കത്ത് പ്രകാരം ജൽ ജീവൻ മിഷന്റെ പഞ്ചായത്തിലെ പ്രവർത്തന ചെലവിന്റെ 15 ശതമാനമായ 175.62 ലക്ഷം രൂപ പഞ്ചായത്ത് ഒടുക്കേണ്ടതുണ്ട്. 15 വാർഡുകളുള്ള പഞ്ചായത്തിലിപ്പോഴും 160 പൊതു ടാപ്പുകളുണ്ട്. ഒരു വാർഡിൽ ശരാശരി 10 പൊതുടാപ്പിലധികമുണ്ട്. ജൽ ജീവൻ മിഷനുമായി ബന്ധപ്പെട്ട് പ്രധാന കുഴലുകൾ പഞ്ചായത്തിൽ സ്ഥാപിച്ചതായി അന്വേഷണങ്ങളിൽ നിന്ന് വ്യക്തമായി. എന്നാൽ വീടുകൾക്ക് പ്രസ്തുത പദ്ധതി വഴി കണക്ഷനുകൾ കൊടുത്തതായി പഞ്ചായത്തിൽ രേഖകളില്ല. വാട്ടർ അതോറിറ്റിയുടെ മുൻപ് തന്നെ സ്ഥാപിക്കപ്പെട്ട കുടിവെള്ള കണക്ഷനുകളുണ്ട്. വേനൽ കാലത്ത് പോലും ശുദ്ധജലദൌർലഭ്യം രൂക്ഷമാകാറുള്ള പഞ്ചായത്തിൽ ടാങ്കറിലുള്ള കുടിവെള്ള വിതരണത്തിന് 2024-25 ൽ 4.28 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കുടിവെള്ള കണക്ഷൻ ലഭിക്കാത്ത ഏതെങ്കിലും കുടുംബങ്ങൾ ഉണ്ടോയെന്ന് പഞ്ചായത്ത് പരിശോധിച്ച് അപ്രകാരമുള്ള കുടുംബങ്ങൾ ഉണ്ടെങ്കിൽ ജൽ ജീവൻ മിഷൻ വഴി കുടിവെള്ളം ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

1-11 ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം

ദേവികുളങ്ങര ഗ്രാമപഞ്ചായത്തിൽ 2021-22 മുതൽ ഹെൽത്ത് ഗ്രാന്റ് വഴിയുള്ള പ്രോജക്ടുകൾ ഏറ്റെടുത്തുതുടങ്ങി. പ്രോജക്ടുകൾ തയ്യാറാക്കി ഡി.പി.സി അംഗീകാരം വാങ്ങിയെങ്കിലും ഗ്രാന്റ് ലഭിച്ച് തുടങ്ങിയത് 2022-23 മുതലാണ്. ലഭിച്ച ഗ്രാന്റിന്റെ വിനിയോഗ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	ലഭിച്ച ഗ്രാന്റ്	പ്രോജക്ട് അടങ്കൽ	ഇതുവരെ ആകെ ചെലവ്	വാർഷിക ഗ്രാന്റിൽ ബാക്കി	ചെലവ് ശതമാനം
2022-23	288161	288161	263479	24682	91.43
2023-24	975000	975000	957855	17145	98.24
2024-25	887000	887000	112500	774500	12.68

ഹെൽത്ത് ഗ്രാന്റ് വഴി രോഗനിർണ്ണയ സൌകര്യം ഏർപ്പെടുത്തൽ, ഹെൽത്ത് വെൽനസ് പ്രവർത്തനങ്ങൾ നടത്തൽ എന്നിങ്ങനെ രണ്ട് തരം പ്രോജക്ടുകൾ മാത്രമാണ് ഏറ്റെടുക്കപ്പെട്ടിട്ടുള്ളത്. ഹെൽത്ത് ഗ്രാന്റ് സ്കീം മൂന്ന് വഴി ലബോറട്ടറി സൌകര്യം മെച്ചപ്പെടുത്തുന്ന നടപടികളാണ് പ്രധാനമായും നടന്ന് വരുന്നത്. ലബോറട്ടറിക്കാവശ്യമായ കെമിക്കലുകൾക്ക് പുറമേ അടിസ്ഥാന സൌകര്യ വികസനാർത്ഥം നപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫുള്ളി ഓട്ടോമേറ്റഡ് ടെസ്റ്റ് മെഷീൻ, ഹെമറ്റോളജി അനലൈസർ മുതലായവ വാങ്ങി സ്ഥാപിച്ച് ഉപയോഗപ്പെടുത്തിവരുന്നു. സ്കീം നാല് വഴി സബ്സെന്ററുകളുടെ അടിസ്ഥാന സൌകര്യ വികസനം സാദ്ധ്യമാക്കാനാണ് ശ്രമിക്കുന്നത്. സബ്സെന്ററുകൾക്ക് ആവശ്യമായ ടെസ്റ്റ് കിറ്റുകൾ വാങ്ങി നൽകിയിട്ടുണ്ട്. ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടന്നിട്ടില്ല.

ഹെൽത്ത് ഗ്രാന്റിന്റെ മുഴുവൻ അലോട്ട്മെന്റിനും പ്രോജക്ട് തയ്യാറാക്കാറുണ്ട്. ബാക്കി വരുന്നതുക വരും വർഷത്തിൽ സ്പിൽ ഓവർ പ്രോജക്ടായി ഉൾപ്പെടുത്തി വരുന്നു. 2024-25 ൽ അനുവദിക്കപ്പെട്ട ഗ്രാന്റിൽ 87 ശതമാനത്തിലധികവും ചെലവഴിക്കാൻ ബാക്കിയാണ്. ആയത് 2025-26 ൽ സ്പിൽഓവറായി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഹെൽത്ത് ഗ്രാന്റിന്റെ കാര്യക്ഷമമായ ഉപയോഗം ഉറപ്പുവരുത്തി ആരോഗ്യ പരിപാലന രംഗത്ത് മികച്ച നിലവാരം നിലനിർത്താൻ കർമ്മപദ്ധതിക്ക് രൂപം നൽകേണ്ടതാണ്.

1-12 അൺ എയ്ഡഡ് സ്കൂളുകളിൽ നിന്നു വസ്തുനികുതി അസസ്സ് ചെയ്തു ഈടാക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് 207 (ബി) വകുപ്പ് പ്രകാരം ഹയർ സെക്കണ്ടറിതലം വരെയുള്ള അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുവദിച്ചുവന്നിരുന്ന വസ്തുനികുതിയിളവ് 01.04.2023 പ്രാബല്യത്തിൽ ഒഴിവാക്കി. (സർക്കാരിന്റെ 28.03.2023 തീയതിയിലെ നമ്പർ 15 (2) ലെഗ് എ) 2/2023/നിയമം ഉത്തരവ്

(2023 ലെ 18-ാം ആക്ട്) 2023 ലെ കേരള ധനകാര്യ (2-ാം നമ്പർ ആക്ട്)).
ഗ്രാമ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അൺ-എയ്ഡഡ്/പ്രൈവറ്റ് സ്കൂളുകളുടെ വിശദാംശം അന്വേഷിച്ചു നല്കിയ ഓഡിറ്റ് എൻക്വയറിക്കു (നം. 08/24.06.2025) എസ് എൻ പബ്ലിക്ക് സ്കൂൾ പ്രയാർ(വാർഡ് 7), ലിറ്റിൽ ഫ്ലവർ എൽ.പി.സ്കൂൾ, പുതുപ്പള്ളി നോർത്ത്(വാർഡ് 12) എന്നീ രണ്ടു അൺ-എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ നാളിതുവരെയായിട്ടും മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ് പ്രകാരം ടി സ്കൂളുകളിൽ നിന്നും തറവിസ്തൃതിക്കനുസൃതമായി നികുതി ഈടാക്കുകയോ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുയോ ചെയ്തിട്ടില്ല. ആകയാൽ പ്രസ്തുത സ്കൂളുകൾക്ക് നികുതി ഈടാക്കുന്നതിനുള്ള നോട്ടീസ് നൽകി മേൽ ചൂണ്ടിക്കാട്ടിയ സർക്കാർ ഉത്തരവിലെ പ്രാബല്യ തീയതി മുതലുള്ള വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 ടവർ നിർമ്മാണം-വസ്തുനികുതി ചുമത്തിയില്ല

ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ സ്ഥാപിക്കുന്നതിനായി 3 ടെലികമ്മ്യൂണിക്കേഷൻ ടവർ നിർമ്മാതാക്കൾ ഗ്രാമപഞ്ചായത്തിന് ഇന്റിമേഷൻ നൽകി അപേക്ഷാ ഫീസ് ഒടുക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിനു (നം.07/21.06.2025) വാർഡ്-5 ൽ പ്രവർത്തിക്കുന്ന ഇൻഡസ് ടവറിന്റെ ഉടമസ്ഥതയിലുള്ള ടെലി കമ്യൂണിക്കേഷൻ ടവർന്റെ ക്രമവത്കരണ നടപടികൾ തുടർന്ന് വരുന്നുവെന്നും ASCEND TELECOM ന്റെ ഉടമസ്തതയിലുള്ള ടവറിന്റെ നിർമ്മാണം പൂർത്തികരിച്ചതിനാൽ ആയതിന്റേയും വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുവെന്ന് മറുപടി നൽകി.

തീയതി	ഫയൽ നം	ഇന്റിമേഷൻ സമർപ്പിച്ച സ്ഥാപനം
25.11.2023	2023/4321	Indus Towers
14.10.24	24/3292	Ascend Telecom
22/10/24	24/3372	Ascend Telecom

ടവറുകളുടെ വസ്തുനികുതി ചുമത്തി ഫോറം-6 ന്റെ പകർപ്പ് സഹിതം ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

1-14 ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ മേൽ ചട്ടത്തിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള യാതൊന്നും തന്നെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ 2024-25 വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ, ലൈസൻസ് ഫീസ് പിരിവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.14/26.06.2025).
എ) ഗൂഗിൾ സ്ട്രീറ്റ് വ്യൂ, ഗൂഗിൾ മാപ്പ് എന്നിവ പരിശോധിച്ചപ്പോൾ പഞ്ചായത്ത് പരിധിയിൽ ധാരാളം കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കണ്ടെത്തുകയുണ്ടായി. എന്നാൽ ഈ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്ററിലോ ട്രേഡേഴ്സ് ലിസ്റ്റിലോ ഉൾപ്പെട്ടിട്ടില്ല. ഈ വിഷയം ഉന്നയിച്ചു നല്കിയ എൻക്വയറിക്ക് ഈ സ്ഥാപനങ്ങൾ നിലവിലും പ്രവർത്തിച്ചുവരികയാണെന്നും എന്നാൽ സെക്രട്ടറിയുടെ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്നും മറുപടി നല്കി. സ്ഥാപനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സ്ഥാപനം / ഉടമ
1	ദേവികുളങ്ങര ക്ഷീരോത്പാദക സഹകരണ സംഘം
2	മാവേലി സ്റ്റോർ, ദേവികുളങ്ങര
3	ബീന ഫർണിച്ചർ,തെക്കേ ആഞ്ഞിലിമൂട്
4	സത്യസായി സ്റ്റോഴ്സ്

5	അച്ചൂസ് കേറ്ററിംഗ്
6	ലോൺട്രി സ്ഥാപനം(5 വാർസ്,സലാവുദീൻ)
7	സൂര്യാസ് കേറ്ററിംഗ്
8	കോക്സ് വേ, വടക്കേ ആഞ്ഞിലിമൂട്
9	ക്യാപ്പെലർ, വടക്കേ ആഞ്ഞിലിമൂട്
10	വുഡ്പ്പെക്കർ, വടക്കേ ആഞ്ഞിലിമൂട്
11	ജ്യോതി ആയൂർ ഫാർമസി നേഴ്സിംഗ് ഹോം
12	സാഫല്യ ഹോസ്പിറ്റൽ

മേൽ ചൂണ്ടിക്കാട്ടിയ സ്ഥാപനങ്ങളിൽ പരിശോധന നടത്തി നിലവിലും പ്രവർത്തിക്കുന്നവയാണെങ്കിൽ ആയവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) റേഷൻ റീട്ടെയിൽ ഷോപ്പുകളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലെ ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ))-9/764/19 തീയതി 22.01.2019) വ്യക്തമാക്കിയിട്ടുണ്ട്.

2024-25 വർഷത്തെ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ മിക്ക അപേക്ഷകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം, മൂലധന നിക്ഷേപം, മാലിന്യങ്ങൾ നീക്കം ചെയ്യാൻ സംവിധാനം ഒരുക്കിയതിന്റെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഇവ രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീസ് നിർണയിച്ച് ഈടാക്കിയത് ക്രമപ്രകാരമാണോയെന്ന് വിലയിരുത്തുന്നതിന് സാധിച്ചിട്ടില്ല. സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ മിക്ക ലൈസൻസ് അപേക്ഷകളിലും രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകൾ സ്വീകരിക്കുന്ന സമയത്തുതന്നെ അവ പൂർണ്ണമാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തി മാത്രം തുടർ നടപടികൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സി) ട്രേഡേഴ്സ് ലിസ്റ്റിന്റെ സോഫ്റ്റ് കോപ്പി പ്രകാരം 910 സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും 191 സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത്. ഓഡിറ്റ് അന്വേഷണത്തിന്, ഉപയോഗത്തിലുള്ള കെട്ടിടങ്ങളെ മാത്രം ഉൾപ്പെടുത്തിയാണ് ട്രേഡേഴ്സ് ലിസ്റ്റ് തയാറാക്കിയതെന്നും ഒഴിഞ്ഞു കിടക്കുന്ന ഷോപ്പുകളുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ലയെന്നും അറിയിച്ചു. ഒഴിഞ്ഞു കിടക്കുന്ന ഷോപ്പുകളെ ഉൾപ്പെടുത്തിയാൽ ആയവയ്ക്ക് വെക്കൻസി റെമിഷൻ ആനുകൂല്യം നൽകേണ്ട സാഹചര്യം ഉണ്ടാകും എന്നും അറിയിച്ചു. കെസ്വിഫ്റ്റ് വഴി ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ വിവരങ്ങളും പഞ്ചായത്തിന്റെ പക്കലില്ല. വെക്കൻസി റെമിഷൻ ആനുകൂല്യത്തിനു അർഹതയുള്ള സ്ഥാപനങ്ങളെ കണ്ടെത്തുകയും അവശേഷിക്കുന്ന സ്ഥാപനങ്ങളെ ഉൾപ്പെടുത്തി പഞ്ചായത്തിന്റെ ട്രേഡേഴ്സ് ലിസ്റ്റ് അടിയന്തിരമായി അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വിഷയം ഭരണസമിതിയുടേയും ഭരണവകുപ്പിന്റേയും പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

1-15 മുട്ടത്ത് മണ്ണേൽ ഫിഷ് ലാന്റിംഗ് സെന്റർ- നാളിതുവരെ വരുമാനദായകമാക്കാൻ സാധിക്കുന്നില്ല

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിന്നും ഗ്രാമ പഞ്ചായത്തിന് നിർമ്മിച്ച് നൽകിയ മുട്ടത്ത് മണ്ണേൽ ഫിഷ് ലാന്റിംഗ് സെന്റർ നാളിതുവരെയും പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം 17.06.2016 തീയതിയിൽ കരുനാഗപ്പള്ളി സബ് ഡിവിഷൻ മുഖേന രേഖാമൂലം ഗ്രാമ പഞ്ചായത്തിന് ഫിഷ് ലാന്റിംഗ് സെന്റർ കൈമാറി നൽകിയിട്ടുണ്ട്. പഞ്ചായത്ത് വകുപ്പ് ഡയറക്ടറുടെ (റൂറൽ) 15.06.23 തീയതിയിലെ LSGD/PD/344486/2023-AR2/K Dis- ഉത്തരവ് പ്രകാരം ഫിഷ് ലാന്റിംഗ് സെന്റർ ബൈലോ അധികൃതർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സംരംഭത്തെ ലേല നടപടികൾക്ക് വിധേയമാക്കി

വരുമാനദായകമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് 2021-22 സാമ്പത്തികവർഷം മുതലുള്ള ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ 2024-25 സാമ്പത്തികവർഷവും ഇതിൽ നിന്നും യാതൊരു വരുമാനവും ലഭ്യമായിട്ടില്ലായെന്ന് വാർഷിക കണക്ക് പരിശോധനയിൽ ബോധ്യമായി. 2024-25 വർഷം ലേലം പുനർലേലം, ക്വട്ടേഷൻ എന്നിവ നടത്തിയിരുന്നു എങ്കിലും ആരും ലേലം കൊള്ളാൻ തയ്യാറായില്ലയെന്നും ഫിഷ് ലാന്റിംഗ് സെന്ററിൽ ഇരു വിഭാഗങ്ങൾ തമ്മിലുള്ള തർക്കം മൂലം മത്സ്യ വിപണനത്തിനെത്തുന്ന മത്സ്യ തൊഴിലാളികൾക്ക് മതിയായ വരുമാനം ലഭിക്കാത്ത സാഹചര്യമുണ്ടെന്നും ആകയാൽ വളരെ കുറച്ച് വള്ളങ്ങൾ മാത്രമേ ഇവിടെ അടുക്കാറുള്ളൂ എന്നും ഗ്രാമപഞ്ചായത്ത് സമിതി വിലയിരുത്തിയതായി ഓഡിറ്റ് അന്വഷണത്തിനുള്ള (നം.18/26.06.2025) മറുപടിയിൽ സെക്രട്ടറി അറിയിച്ചു. മുട്ടത്ത് മണ്ണേൽ ഫിഷ് ലാന്റിംഗ് സെന്റർ വരുമാനദായകമാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

1-16 കെ സ്മാർട്ടിൽ ഫീൽഡ് പരിശോധന പ്രകാരമുള്ള വസ്തുനികുതിയുടെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്തില്ല

സ.ഉ.(കൈ) നം. 77/2023/LSGD 328/03/2023 ഉത്തരവിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കെട്ടിടങ്ങളുടെ വിവര ശേഖരണം നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 15 വാർഡുകൾ ഉള്ളതിൽ വാർഡ് 1, 5 എന്നിവ ഒഴിച്ച് മറ്റു വാർഡുകളുടെ വിവരശേഖരണം പൂർത്തിയാക്കിയിട്ടുള്ളതാണ്. വിവര ശേഖരണം നടത്തി ലഭിച്ച വിവരങ്ങൾ മുൻപ് ഉണ്ടായിരുന്ന സഞ്ചയ സോഫ്റ്റ്വെയറിൽ അപ്ഡേഷൻ ചെയ്തിട്ടില്ല. പ്രകടമായ വ്യത്യാസമുള്ള ഏതാനും കെട്ടിടങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

ക്രമനം	ഉടമയുടെ പേര് /കെട്ടിട നമ്പർ	സഞ്ചയ ഡാറ്റാബെയ്സിലെ വിസ്തീർണ്ണം	പരിശോധന പ്രകാരമുള്ള വിസ്തീർണ്ണം /മറ്റ് വിവരങ്ങൾ
1	സുദർശനൻ, തട്ടയ്ക്കാട്, പ്രയാർ, 11/391/എ	176 M^2 പാർപ്പിടാവശ്യം	താഴത്തെ നില - 283 M^2
2	അശോകൻ, പട്ടശേരിൽ, പ്രയാർ വടക്ക്, പ്രയാർ, 11/416	92 M^2 പാർപ്പിടാവശ്യം	താഴത്തെ നില - 132 M^2
3	മധുസൂദനൻപിള്ള, പോക്കാട്ട്, പുതുപ്പള്ളി, 11/29	91 M^2 പാർപ്പിടാവശ്യം	താഴത്തെ നില - 147 M^2
4	സോമനാഥൻ, വൃന്ദാവനം, പുതുപ്പള്ളി, 11/86	109 M^2, പാർപ്പിടാവശ്യം, താഴത്തെ നില	താഴത്തെ നില – 121 M^2 ഒന്നാം നില – 81 M2
5	ദേവകി, വാഴപ്പള്ളിൽ, പുതുപ്പള്ളി, 11/82/A	52 M^2 പാർപ്പിടാവശ്യം	താഴത്തെ നില - 317 M^2
6	സന്തോഷ്, കരിങ്ങാട്ടിതറയിൽ, 8/149	30 M^2 പാർപ്പിടാവശ്യം	താഴത്തെ നില - 135 M^2
7	ബീന പ്രസാദ്, അമ്പനാട്, 2/91	80 M^2 പാർപ്പിടാവശ്യം	താഴത്തെ നില – 130 M^2
8	ജയനന്ദനൻ, കളീയ്ക്കത്തറയിൽ, ഗോവിന്ദമുട്ടം, 15/80	62 M^2 പാർപ്പിടാവശ്യം	താഴത്തെ നില – 110 M^2
9	കെ.എ.എബ്രഹാം, ബദനി, പുതുപ്പള്ളി, 14/172	56 M^2 പാർപ്പിടാവശ്യം	താഴത്തെ നില – 104 M^2
10	തോമസ് വർഗീസ്, കടക്കശ്ശേരിൽ, 12/104	153 M^2 പാർപ്പിടാവശ്യം	താഴത്തെ നില – 181 M^2

എന്നാൽ ഇപ്പോൾ പുതിയ സോഫ്റ്റ്വെയറായ കെ സ്മാർട്ട് വഴി നികുതി പരിഷ്കരണ നടപടികൾ ആരംഭിക്കുന്നതിന് സർക്കാർ തലത്തിൽ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്കു് കെ സ്മാർട്ട് അപ്ഡേറ്റ് ചെയ്യുമെന്ന് ഓഡിറ്റ് അന്വേഷണത്തിന് (09/24.06.2025) മറുപടിയായി അറിയിച്ചു. കെ സ്മാർട്ടിൽ കെട്ടിടങ്ങളുടെ വിവരങ്ങൾ കാലികമാക്കി നികുതി ചോർച്ച

തടയേണ്ടതാണ്.

1-17 തൊഴിൽ നികുതി - എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്തിലെ 2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും എഗ്രിമെന്റ് രജിസ്റ്ററും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗ്രാമപഞ്ചായത്തിലെ ഒന്നിലധികം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയിട്ടുള്ള താഴെപ്പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കരാറുകാരുടെ പേര് ചുവടെ ചേർക്കുന്നു.

ക്രമ നം	കരാറുകാരുടെ പേര്
1	മനോജ് ആർ, മണ്ണടിയിൽ, പുതുപ്പള്ളിയിൽ
2	ബിജു.ആർ, കളരിയ്ക്കൽ, മഠത്തിൽ
3	എം.കെ.ജയചന്ദ്രൻ, ആശ്രമത്തൽ
4	അനിൽ കുമാർ പി, മകയിരം, പതാരം
5	ബൈജു ആർ, മടത്തിൽക്കര
6	ശ്രീ ചന്ദ്.ആർ, ശ്രീ ശൈലം
7	അനിൽ കുമാർ എം.ഡി.
8	ശ്യാം കുമാർ.ഡി, കോയ്പ്പള്ളി

ഓഡിറ്റ് അന്വേഷണത്തിന് (നം.03/21.06.2025) കരാറുകാരിൽ പലരും നിർവ്വഹണ ഉദ്യോഗസ്ഥയുമായി കരാറിൽ ഏർപ്പെട്ടുണ്ടെങ്കിലും പ്രവൃത്തി ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടില്ലായെന്നും പ്രവൃത്തി ചെയ്തവരുടെ കാര്യത്തിൽ മറ്റേതെങ്കിലും തദ്ദേശ സ്ഥാപനത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ചതിന് ശേഷം മാത്രമേ തൊഴിൽ നികുതി ഈടാക്കാൻ കഴിയൂവെന്നും മറുപടി ലഭ്യമാക്കി. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിലും പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തിയിട്ടുണ്ടോ എന്നു കണ്ടെത്തി ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടത് പഞ്ചായത്തിന്റെ കടമയാണ്.

2) പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളുടെ I & II അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം	സ്ഥാപനത്തിന്റെ വിശദാംശം
1	വിശ്വ ഗുരു നാരായണ ലിമിറ്റഡ്
2	ശ്രീ ലക്ഷ്മി ഫിനാൻസ്
3	അസറ്റ് ഫിനാൻസ്
4	മസ്റ്റേഴ്സ് കോളേജ്
5	റേഷൻ കടകൾ
6	ദേവികുളങ്ങര ക്ഷീരോത്പാദക സഹകരണ സംഘം
7	ഗോവിന്ദമുട്ടം ക്ഷീരോത്പാദക സഹകരണ സംഘം
8	തിരുവിതാംകൂർ ദേവസ്വം (സബ് ഗ്രൂപ്പ് ഓഫീസർ മണപ്പള്ളി ശാസ്താ ക്ഷേത്രം)

സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി അടവാക്കുന്നതിന് രണ്ട് അർദ്ധവർഷത്തിലും ഡിമാന്റ് നോട്ടീസ് നൽകിയിരുന്നെങ്കിലും തുക അടവാക്കിയിട്ടില്ലായെന്നും തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ഗ്രാമപഞ്ചായത്തിലെ മണപ്പള്ളി ശാസ്താക്ഷേത്രം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ളതാണ്. ഇവിടെ ജോലി ചെയ്യുന്ന ജീവനക്കാർക്ക് 2024-25 വർഷം തൊഴിൽ നികുതി ചുമത്തിയിട്ടില്ല. ഇവിടെ ദിവസവേതന അടിസ്ഥാനത്തിലാണ് ആളുകളെ ജോലിക്ക് നിയോഗിച്ചിട്ടുള്ളതെന്നാണ് ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള(നം. 03/21.06.2025) മറുപടിയിൽ സെക്രട്ടറി അറിയിച്ചത്. ടി ക്ഷേത്രം ഉൾപ്പെടുന്ന ഗ്രൂപ്പിൽ നിന്നും ജോലിക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാരെ സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമാക്കി തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 സ്ഥാപനതൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ/കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ/സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250/- രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2024-25ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്തീടാക്കിയിട്ടില്ല.

ക്രമനം	സ്ഥാപനം	അർദ്ധവർഷം	ഈടാക്കാവുന്ന സ്ഥാപന തൊഴിൽ നികുതി
1	വിശ്വ ഗുരു നാരായണ ലിമിറ്റഡ്	രണ്ട് അർദ്ധ വർഷങ്ങളിലും	1250 X 2 =2500
2	ശ്രീ ലക്ഷ്മി ഫിനാൻസ്	രണ്ട് അർദ്ധ വർഷങ്ങളിലും	1250 X 2 =2500
3	അസറ്റ് ഫിനാൻസ്	രണ്ട് അർദ്ധ വർഷങ്ങളിലും	1250 X 2 =2500

തൊഴിൽ നികുതി ഈടാക്കാത്തതു വഴി ആകെ 7500/- രൂപ പഞ്ചായത്തിനു നഷ്ടമായിട്ടുണ്ട്. സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി അടവാക്കുന്നതിന് രണ്ട അർദ്ധവർഷത്തിലും ഡിമാന്റ് നോട്ടീസ് നൽകിയിരുന്നെങ്കിലും തുക അടവാക്കിയിട്ടില്ലായെന്നും തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 04/21.06.2025) മറുപടി ലഭ്യമാക്കി. തൊഴിൽ നികുതി ഈടാക്കി രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കേണ്ടതാണ്.

1-19 രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ

1997 ലെ കേരള പഞ്ചായത്ത്രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3(1) – ൽ ഗ്രാമ പഞ്ചായത്തിൽ മുൻകൂർ രജിസ്റ്റർ ചെയ്യാതെ യാതൊരു പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിപ്പിക്കാൻ പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. G & J മൾട്ടി സ്പെഷ്യാലിറ്റി ദന്തൽ ക്ലിനിക്ക്(VI/225), സാഫല്യ ഹോസ്പിറ്റൽ എന്നീ സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടോയെന്നും, വാർഷിക പുതുക്കൽ നടത്തിയിട്ടുണ്ടോയെന്നും സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (15/26.06.2025) നൽകിയതിന് G & J മൾട്ടി സ്പെഷ്യാൽറ്റി ദന്തൽ ക്ലിനിക്കിന്റെ പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കുന്ന ഫീസും, പിഴയും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നു മറുപടി ലഭ്യമാക്കി. സാഫല്യം ഹോസ്പിറ്റൽ എന്ന സ്ഥാപനം ഒരു ഗാർഹിക ഉപയോഗത്തിലുള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും ഈ കെട്ടിടത്തിന്റെ വിനിയോഗ ഗണം ഹോസ്പിറ്റലിലേക്ക് മാറ്റുന്നതിന് കഴിയില്ലെന്നും കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 പ്രകാരം റൂൾ 25 2(എ) പ്രകാരം 50 ച.മി വരെയുള്ള കെട്ടിടങ്ങളുടെ ഭാഗങ്ങൾ മാത്രമേ ഒക്കുപൻസി മാറ്റി പുതിയ നമ്പർ അനുവദിക്കാൻ കഴിയൂവെന്നുമായിരുന്നു മറുപടി. പാരാമെഡിക്കൽ രജിസ്ട്രേഷൻ ചെയ്യാതെ യാതൊരു പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ്

പാരാമെഡിക്കൽ സ്ഥാപനങ്ങളും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിപ്പിക്കാൻ പാടില്ലാത്തതാണ്. ശുചിത്വം, കെട്ടിടത്തിന്റെ സുരക്ഷിതത്വം എന്നിവ ഉറപ്പാക്കുന്നതിനോടൊപ്പം പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി രേഖകൾ വാങ്ങി സൂക്ഷിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. (സർക്കുലർ നമ്പർ 47724/ഡി.സി.1/11/എൽ.എസ്.ജി.ഡി. തീയതി.09.12.2012). രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസ് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 ജലസേചന വകുപ്പ് വഴിയുള്ള ഷട്ടർ മെയിന്റനൻസ് - പണി പൂർത്തിയായില്ല, ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

ഗ്രാമപഞ്ചായത്തിലെ വിവിധ തോടുകളിൽ ഓരുജലം കയറുന്നത് തടയാൻ ലക്ഷ്യമിട്ട് നിക്ഷേപ പ്രവൃത്തി എന്ന നിലയിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ "ശുദ്ധജല സംരക്ഷണത്തിനുള്ള ഷട്ടറുകളുടെ മെയിന്റനൻസ് (നം. എസ് 0007/25)" എന്ന പ്രോജക്ട് വഴി 12.36 ലക്ഷം രൂപ ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയർക്ക് 2025 മാർച്ച് മാസം കൈമാറിയിട്ടുണ്ട്. കാരാവള്ളി പുതുവൽ, ക്ലാശ്ശേരി പുതുവൽ, തോപ്പിൽ മണ്ണേൽ എന്നീ ഷട്ടറുകളുടെ മെയിന്റനൻസിനായി ജലസേചന വകുപ്പ് ലഭ്യമാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് പണം കൈമാറിയത്. പ്രവൃത്തി നിർവ്വഹണം, പൂർത്തീകരണം എന്നിവ സംബന്ധിച്ച് കരാർ ചമച്ചിട്ടില്ല. വേനൽക്കാലം കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തിയായിട്ടില്ല. ഇത് സംബന്ധിച്ച് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/21.06.2025) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി പൂർത്തിയായിട്ടില്ലെന്നും പൂർത്തിയാകുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം വാങ്ങി ഓഡിറ്റിൽ ലഭ്യമാക്കുന്നതാണെന്നും വ്യക്തമാക്കി. ഓരുജലം കയറാതിരിക്കുന്നതിനുള്ള ഷട്ടറുകളുടെ മെയിന്റനൻസ് വൈകുന്നത് കൃഷിനാശത്തിന് വഴിവയ്ക്കാൻ സാദ്ധ്യതയുള്ളതാകയാൽ ഇക്കാര്യത്തിൽ പഞ്ചായത്ത് ഭരണസമിതി ആവശ്യമായ ശ്രദ്ധപതിപ്പിക്കേണ്ടതാണ്. ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 1236000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രോജക്ട് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് - ശുദ്ധജല സംരക്ഷണത്തിനുള്ള ഷട്ടറുകളുടെ മെയിന്റനൻസ് (നം. എസ് 0007/25)

അടങ്കൽ, ചെലവ് - 1236000 രൂപ

(10.8 ലക്ഷം രൂപ സി.എഫ്.സി(വൌച്ചർ നം. 22401075/24.3.25), 1.56 ലക്ഷം രൂപ തനത് ഫണ്ട് വൌച്ചർ നം. 22401126/18.3.25))

1-21 റിംഗ് കമ്പോസ്റ്റ് ബിൻ വിതരണം - പദ്ധതി പൂർത്തിയാക്കിയില്ല

പ്രോജക്ട് നമ്പർ – 125/25

പ്രോജക്ടിന്റെ പേര് - റിംഗ് കമ്പോസ്റ്റ് ബിൻ വിതരണം

നിർവഹണം - വി.ഇ.ഒ.

ചെലവ്

1) 192000 (വൗച്ചർ നം. XVFC/2024-25/P/22/29-11-2024(164588രൂപ), XVFC/2024-25/P/23/11- 12-2024 (19200രൂപ), ചെക്ക് നം. 130692/21.12.2024 (8212 രൂപ))

2) 151438 (ജില്ലാ പഞ്ചായത്തിൽ നിന്ന് നേരിട്ട് നൽകിയത്, XVFC/2024-25/P/162/11.2.2025)

3) 70388, (ചെക്ക് നം.005123/3.12.24)

4) 46020, (ചെക്ക് നം. 130686/25.11.24)

മേൽ പദ്ധതി പ്രകാരം റിംഗ് കമ്പോസ്റ്റ് ബിൻ വിതരണം ചെയ്യുന്നതിനായി 341 ഗുണഭോക്താക്കളിൽ നിന്നും 260/- രൂപ നിരക്കിൽ ബെനിഫിഷറി കോൺട്രിബ്യൂഷൻ പിരിച്ചിട്ടുണ്ട്. എന്നാൽ 177 ഗുണഭോക്താക്കൾക്ക് മാത്രമാണ് തൻ വർഷം ആനുകൂല്യം ലഭ്യമാക്കിയിട്ടുള്ളത്. ബാക്കിയുള്ളവർക്ക് ആനുകൂല്യം ലഭ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17/26.6.2025 ന് ലഭ്യമാക്കിയ മറുപടിയിൽ സാമ്പത്തിക നിയന്ത്രണങ്ങളാൽ പഞ്ചാത്ത് വിഹിതം റെയിഡ്കോക്ക് അനുവദിച്ച് നൽകാൻ കാലതാമസമുണ്ടായതായും തുടർന്ന് റെയിഡ്കോയ്ക്ക് ആവർത്തിച്ച് നിർദ്ദേശം നൽകിയിട്ടും ബാക്കിയുള്ള പ്രവർത്തി ഏറ്റെടുത്ത് നടപ്പാക്കാൻ നടപടി സ്വീകരിച്ചില്ലെന്നും തുടർന്ന് പഞ്ചായത്ത് ഭരണസമിതി റെയിഡ്കോയെ കരിമ്പട്ടികയിൽ

ഉൾപ്പെടുത്താൻ തീരുമാനം എടുത്തതായും അറിയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 164 ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനായി 2025-26 വർഷം പുതിയ പദ്ധതി ഏറ്റെടുത്തിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് കൂടി ആനുകൂല്യം ലഭ്യമാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-22 പുഷ്പകൃഷിക്ക് തൈയും വളവും - ഗുണഭോക്തൃ വിഹിതമിനത്തിലുള്ള 3875 രൂപ പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്നു

പ്രോജക്ട് നമ്പർ 95/25

പ്രോജക്ടിന്റെ പേര് - പുഷ്പകൃഷിക്ക് തൈയും വളവും വിതരണം

നിർവഹണം - കൃഷി ഓഫീസർ

ചെലവ്

1) 34875, 07286817/14.3.25 (ഗുണഭോക്തൃ വിഹിതം)

2) 58125, BRN -1102207/27.12.24 (വികസന ഫണ്ട് ജനറൽ)

3) 46500, BRN -1104614/28.12.24 (വികസന ഫണ്ട് ജനറൽ)

മേൽ പദ്ധതി പ്രകാരം 15500 ബന്ദിത്തൈയും 3100 കിലോഗ്രാം വളവും കൈക്കോയിൽ നിന്ന് വാങ്ങി 38 കൃഷി കൂട്ടങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് 38750/- രൂപ ഗുണഭോക്തൃ വിഹിതം പിരിച്ചെങ്കിലും 34875/- രൂപയാണ് പദ്ധതി നിർവഹണത്തിനായി ചെലവഴിച്ചിട്ടുള്ളത്. ബാക്കി 3875/- രൂപ പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്നു. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/27.6.2025 ന് നൽകിയ മറുപടിയിൽ ഗുണഭോക്താക്കൾക്ക് പരിമിതമായ തുക നൽകേണ്ടിവരുന്നതിനാലാണ് തുക തിരികെ നൽകാതിരുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടി തുക ഗുണഭോക്താക്കൾക്ക് തിരികെ നൽകി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-23 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് – അർഹമായ തുക അനുവദിക്കപ്പെട്ടില്ല

ഉന്നത പഠനം നടത്തുന്ന പട്ടികജാതിയിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാനായി ഹെഡ്മാസ്റ്റർ (ഗവ.എസ്.ആർ.വി. എൽ.പി.സ്കൂൾ) നിർവ്വഹണം നടത്തിയ പ്രോജക്ടിൽ 19 വിദ്യാർത്ഥികൾക്ക് 20000/- രൂപ വീതം സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. പതിനഞ്ചാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ (സ.ഉ.(അ) 115/22 ത.സ്വ.ഭ.വ. 28.5.25) ഖണ്ഡിക 7.2.4 പ്രകാരം ബിരുദം, ഡിപ്ലോമ, ഐ.റ്റി.ഐ വിദ്യാർത്ഥികൾക്ക് 20000/- രൂപയും എൻജിനീയറിംഗ് ബിരുദ വിദ്യാർത്ഥികൾക്ക് 25000 രൂപയുമാണ് സ്കോളർഷിപ്പിന് അർഹത. പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളിൽ ശ്രീ. വിജയ് വിനോദ് (വിനോദ് ഭവനം, പ്രയാർ നോർത്ത്, പ്രയാർ പി.ഒ) ചെങ്ങന്നൂർ എൻജിനീയറിംഗ് കോളേജിലെ ആദ്യവർഷ ബി.ടെക് കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥിയാണെന്ന് രേഖകളിൽ നിന്ന് വ്യക്തമാകുന്നു (സർട്ടിഫിക്കറ്റ് നം. C1/604/2020 തീയതി 29.2.2025). അതിനാൽ ശ്രീ. വിജയ് വിനോദിന് 25000/- രൂപ സ്കോളർഷിപ്പിന് അർഹതയുണ്ട്. മറ്റ് ഗുണഭോക്താക്കൾക്ക് അർഹമായ പരമാവധി സ്കോളർഷിപ്പ് നൽകുകയും പ്രോജക്ട് അടങ്കലിലും പട്ടികജാതി പ്രത്യേക ഘടക പദ്ധതി ഫണ്ടിലും പണം ബാക്കിയുണ്ടായിരുന്നിട്ടും ഒരു ഗുണഭോക്താവിന് അർഹമായ സ്കോളർഷിപ്പ് നൽകാതിരിക്കുകയും ചെയ്തത് തുല്യതക്കുള്ള അവകാശത്തിന്റെ ലംഘനമാണ്. ഇതിന്റെ കാരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/25.6.25) പ്രോജക്ട് സ്പിൽ ഓവറായി ഏറ്റെടുത്തിട്ടുണ്ടെന്നും കുറവ് വന്ന സ്കോളർഷിപ്പ് 2025-26 ൽ അനുവദിക്കുന്നതാണെന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. വ്യക്തിഗത ധനസഹായം അനുവദിക്കുമ്പോൾ അർഹതാമാനദണ്ഡത്തിന്റെ അനുപാതത്തിൽ നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

പ്രോജക്ട് – എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (നം.എസ്.0098/25)

അടങ്കൽ – 6 ലക്ഷം രൂപ (വികസന ഫണ്ട് (എസ്.സി.പി))

ചെലവ് – 3.8 ലക്ഷം രൂപ

പ്രസ്തുത വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് അനുവദിച്ച ബിൽ – ബിൽ റഫ.നം. 1618710/21.3.25 (60000രൂപ)

1-24 ഉത്സവ അഡ്വാൻസ് തിരികെ ഈടാക്കിയില്ല

ഉത്സവ അഡ്വാൻസ് ആയി നൽകുന്ന തുക തുടർന്നുള്ള 5 മാസത്തെ ശമ്പളത്തിൽ നിന്ന് തുല്യ ഗഡുക്കളായി തിരികെ ഈടാക്കേണ്ടതാണ്. എന്നാൽ 2024 സെപ്തംബറിൽ നൽകിയ 20000/- രൂപ എട്ട് മാസങ്ങൾക്ക് ശേഷവും (ഓഡിറ്റ് സമയം വരെ) തിരികെ ഈടാക്കപ്പെട്ടിട്ടില്ല. ശ്രീ ദിലീപ്, ഹെഡ്ക്ലർക്ക് 8000/- രൂപയും ശ്രീമതി ദിവ്യ, ഓഫീസ് അറ്റന്റന്റ് 12000/- രൂപയും തിരികെ ഒടുക്കാനുണ്ട്. ഇരു ജീവനക്കാർക്കും ഇരുപതിനായിരം രൂപ വീതം മുൻകൂർ അനുവദിച്ചതിൽ യഥാക്രമം 12000/-, 8000/- രൂപ സ്ഥലംമാറ്റപ്പെടും മുൻപ് തിരികെ ഈടാക്കിയിരുന്നു. മുൻകൂർ തിരികെ ഈടാക്കപ്പെടാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/21.06.25) തുക തിരികെ ലഭ്യമാക്കാൻ പ്രസ്തുത ഉദ്യോഗസ്ഥർ സ്ഥലംമാറ്റപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾക്ക് കത്ത് നല്കി എന്ന മറുപടി ലഭ്യമാക്കി. മുൻകൂർ നൽകിയ പണം സമയബന്ധിതമായി തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-25 വാർഡ് 14ലെ അങ്കണവാടി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സോയിൽ ടെസ്റ്റിനായി തുക ചെലവഴിച്ചു-എന്നാൽ കെട്ടിട നിർമ്മാണം ആരംഭിച്ചില്ല

പ്രോജക്ടിന്റെ പേര് : ഗ്രാമപഞ്ചായത്തിലെ വാർഡ് 14 ൽ അങ്കണവാടി നിർമ്മിയ്ക്കുന്നതിന് സോയിൽ ടെസ്റ്റ് നടത്തൽ

പ്രോജക്ട് നം. : 155/25

ഗ്രാമപഞ്ചായത്തിലെ വാർഡ് 14 ൽ അങ്കണവാടി നിർമ്മിയ്ക്കുന്നതിന് സോയിൽ ടെസ്റ്റ് നടത്തുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ ക്വട്ടേഷൻ ഹാജരാക്കിയ ബിജു.R. എന്ന കരാറുകാരനെ സോയിൽ ടെസ്റ്റ് നടത്തുന്നതിന് ഏല്പിച്ചിരുന്നു. ഇതിൻ പ്രകാരം ലഭിച്ച സോയിൽ ടെസ്റ്റ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കി അങ്കണവാടി നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 6/21.6.25) നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ അങ്കണവാടി നിർമ്മാണവുമായി ബന്ധപ്പെട്ട് സോയിൽ ടെസ്റ്റ് നടത്തിയതിൽ 4 റെക്കമെന്റേഷൻസ് ലഭിച്ചിരുന്നു എന്നും തുടർന്ന് സോയിൽ ടെസ്റ്റ് റിപ്പോർട്ട് ജില്ലാപഞ്ചായത്ത് സ്ട്രക്ച്ചറൽ കമ്മറ്റിയ്ക്ക് വിടുകയും 4-ാമത്തെ റെക്കമെന്റേഷൻ ആയ പൈൽ ഫൌണ്ടേഷന് അംഗീകാരം നൽകുകയും ചെയ്തു എന്നും അറിയിച്ചു. ഫണ്ട് ലഭ്യത കുറവായതിനാൽ അങ്കണവാടി ഗ്രൌണ്ട് ഫ്ലോർ വിത്ത് ലൈറ്റ് റൂഫ് മാത്രമേ ആവശ്യമുള്ളൂ എന്നും കമ്മറ്റി തീരുമാനിച്ചതായും ഇതിനെ തുടർന്ന് വീണ്ടും സ്ട്രക്ച്ചറൽ കമ്മറ്റിയ്ക്ക് അയയ്ക്കുകയും രണ്ടാമത്തെ റെക്കമെന്റേഷനായ സ്ട്രിപ് ഫൂട്ടിംഗിന് കമ്മറ്റി അംഗീകാരം നൽകിയതായും തുടർന്ന് എസ്റ്റിമേറ്റ് തയാറാക്കി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അംഗീകാരത്തിന് സമർപ്പിയ്ക്കുകയും ചെയ്തതായും അറിയിച്ചു. നാളിതു വരെ അങ്കണവാടി കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതിനാൽ സോയിൽ ടെസ്റ്റ് നടത്തുന്നതിനായി 2023-24, 2024-25 വർഷങ്ങളിലായി ആകെ ചെലവഴിച്ച 73679/- രൂപയിൽ ഓഡിറ്റ് വർഷം ചെലവഴിച്ച 11250/- രൂപ(ചെക്ക് നം. 004495/10.9.24) തടസ്സപ്പെടുത്തുന്നു.

1-26 വയോജനങ്ങൾക്ക് കട്ടിൽ – പൂർണമായി വിതരണം ചെയ്തിട്ടില്ല

പ്രോജക്ട് നമ്പർ – 65/25

പ്രോജക്ടിന്റെ പേര് - വയോജനങ്ങൾക്ക് കട്ടിൽ വിതരണം

നിർവഹണം - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

ചെലവ് - 61827 രൂപ,

TRN – 240709000000009824/24.3.25 (വികസന ഫണ്ട്)

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം 105 കട്ടിലുകൾ സിഡ്കോയിൽ നിന്ന് വാങ്ങിയിട്ടുണ്ട്. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് 102 കട്ടിലുകൾ വിതരണം ചെയ്തതായി കാണുന്നു. 20 കട്ടിലുകൾ സിഡ്കോയിൽ നിന്ന് വന്നതിന്റെ ഇൻവോയ്സ് മാത്രമാണ് ഫയലിൽ ഉൾപ്പെടുത്തിയിരുന്നത് ഇതിന് 66980/- രൂപയാണ് ഇൻവോയ്സ് തുക. തൻവർഷം സിഡ്കോക്ക് 61827/- രൂപ നൽകിയിട്ടുണ്ട് ഇൻവോയ്സ് പ്രകാരമുള്ള ബാക്കി തുക സിഡ്കോക്ക് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും ബാക്കി കട്ടിലുകൾ വന്നതിന്റെ ഇൻവോയ്സും ലഭ്യമായ കട്ടിലുകൾ പൂർണമായും വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/26.6.2025 ന് നൽകിയ മറുപടിയിൽ ബാക്കി 85 കട്ടിലുകൾ വന്നതിന്റെ

രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്. അർഹതാ രേഖകൾ പരിശോധിച്ചതിൽ അർഹരായ 3 ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയാത്തതുമൂലമാണ് ബാക്കി കട്ടിലുകൾ വിതരണം ചെയ്യാൻ സാധിക്കാഞ്ഞതെന്നും അർഹതപ്പെട്ട മൂന്ന് ഗുണഭോക്താക്കളെ കണ്ടെത്തി പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തോടെ കട്ടിലുകൾ വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അർഹരായ 3 ഗുണഭോക്താക്കളെ കണ്ടെത്തി പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തോടെ കട്ടിലുകൾ വിതരണം ചെയ്ത് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

സ.ഉ.(സാധാ)നം.195/2024/LSGD/23-1-24 പ്രകാരം അഗതി ആശ്രയ, അതിദരിദ്രർ, മാനസിക വെല്ലുവിളി നേരിടുന്നവർ അംഗങ്ങളായുള്ള കുടുംബങ്ങൾ എന്നിവരുടെ ലിസ്റ്റിൽ ഉൾപ്പെട്ട 60 വയസ്സ് കഴിഞ്ഞവർക്കും മാറാരോഗം പിടിപെട്ട് കിടപ്പിലായവർ, ചലനശക്തി നഷ്ടപ്പെട്ടവർ എന്നിവർക്ക് പ്രഥമ പരിഗണന നൽകിയും ഈ പ്രോജക്ട് നടപ്പാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. തുടർ വർഷങ്ങളിൽ പദ്ധതി നടപ്പാക്കുമ്പോൾ ഈ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതും അനർഹരായവരെ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-27 ഭിന്നശേഷിക്കാർക്ക് ആനുകൂല്യം - UDID (Unique Disability Identity Card) ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ – 51/25

പ്രോജക്ടിന്റെ പേര് - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്

നിർവഹണം - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണം നടത്തിയ മേൽ പദ്ധതി പ്രകാരം ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് വിതരണം നടത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ അടിസ്ഥാനത്തിൽ ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ കൂടുതൽ അപേക്ഷകളിലും യു.ഡി.ഐ.ഡി കാർഡ് വെച്ചിട്ടില്ല. 2016 ലെ ഭിന്നശേഷി അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയൊട്ടാകെ ഭിന്നശേഷിക്കാർക്ക് ഏകീകൃത ഐഡന്റിറ്റി കാർഡ് എന്ന നിലയിലാണ് UDID കാർഡ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇത് സർക്കാർ ആനുകൂല്യത്തിനുള്ള ആധികാരിക രേഖയാക്കി കേന്ദ്ര സർക്കാരും കേരളത്തിൽ സാമൂഹ്യ നീതി വകുപ്പും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറി നം. 10/25-6-2025 ന് നൽകിയ മറുപടിയിൽ ദേവികുളങ്ങര ഗ്രാമ പഞ്ചായത്തിലെ എല്ലാ ഭിന്നശേഷിക്കാർക്കും സാമൂഹ്യ സുരക്ഷാമിഷൻ ക്യാമ്പ് നടത്തി UDID കാർഡ് ലഭ്യമാക്കിയിട്ടുണ്ടെന്നും സ.ഉ.(സാധാ) നം.183/2025/lsgd എന്ന ഉത്തരവ് പ്രകാരം മെഡിക്കൽ ബോഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ നൽകുന്ന ഡിസെബിലിറ്റി സർട്ടിഫിക്കറ്റ്/ UDID കാർഡ് പരിഗണിച്ചാൽ മതിയാകും എന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആണ് പദ്ധതി നടപ്പാക്കിയതെന്നും തുടർ വർഷങ്ങളിൽ പദ്ധതി നടപ്പാക്കുമ്പോൾ ഗുണഭോക്താക്കളുടെ UDID കാർഡ് ഫയലിൽ സൂക്ഷിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. വരുംവർഷങ്ങളിൽ പദ്ധതി നടപ്പാക്കുമ്പോൾ ഏകീകൃത ഐഡന്റിറ്റി കാർഡ് വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

1-28 ഹോമിയോ ആശുപത്രിക്കു മരുന്ന് ലഭ്യമാക്കിയിട്ടില്ല

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മരുന്നു വാങ്ങൽ പദ്ധതിയിൽ മരുന്നിനായി 250000/- രൂപ അഡ്വാൻസ് തുക ഹോംകോയ്ക്ക് നല്കിയിട്ടുണ്ട്. എന്നാൽ മുഴുവൻ തുകയ്ക്കുമുള്ള മരുന്ന് ഇതുവരെയും ഹോംകോ ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം./പേര്	S0029/24 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ	2,50,000 (മെയിന്റൻസ് ഫണ്ട് റോഡിതരം)
ചെലവ്	2,50,000 (മെയിന്റൻസ് ഫണ്ട് റോഡിതരം)
ബി.ആർ.എൻ നം./തുക	24070952009400913772/02.12.2024/ 250000/-
ടാക്സ് ഇൻവോയിസ് നം./തുക	LF-3208/31.03.2025/ 1,09,894/-

1,09,894/-രൂപയുടെ മരുന്ന് മാത്രമാണ് ഇതുവരെ ലഭിച്ചിട്ടുള്ളത്. മരുന്നുകൾ ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.01/10.06.25) മറുപടി ലഭ്യമാക്കിയില്ല. അടിയന്തിരമായി മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ലഭിയ്ക്കാൻ ശേഷിയ്ക്കുന്ന മരുന്നുകളുടെ വിലയായ 140106/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിഷയം ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-29 പഞ്ചായത്ത് ഓഫീസ് നവീകരണം – വി ഇ ഓ ഓഫീസ് പ്രവർത്തന ക്ഷമമാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന നടപ്പാക്കിയ പഞ്ചായത്ത് ഓഫീസ് നവീകരണം (സ്പിൽ ഓവർ) പ്രോജക്ട് (S0145/25) പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ്, എം.ജി.എൻ.ആർ.ഇ.ജി.എ ഓഫീസ്, വി ഇ ഓ ഓഫീസ് എന്നിവയുടെ നിർമ്മാണം നടത്തിയതിന് ആകെ 581961/- രൂപ ചെലവഴിച്ചിട്ടുണ്ട്. മുകളിലത്തെ നിലയിൽ മുമ്പുണ്ടായിരുന്ന ഓഫീസ് ഹാളിനോട് ചേർന്ന് എക്സ്റ്റൻഷൻ നടത്തിയാണ് വി ഇ ഓ ഓഫീസ്, എ ഇ ഓഫീസ് എന്നിവ നിർമ്മിച്ചിട്ടുള്ളത്. പ്രധാന ഹാളിൽ അലുമിനിയം ഫാബ്രിക്കേഷൻ മുഖേന പാർട്ടീഷൻ നടത്തിയാണ് വി ഇ ഓ ഓഫീസ് നിർമ്മിച്ചിട്ടുള്ളത്. പാർട്ടീഷൻ നടത്തുന്നതിനായി 64381/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വി ഇ ഓ ഓഫീസ് നാളിതുവരെ പ്രവർത്തന ക്ഷമമാക്കിയിട്ടില്ല. ഇവിടെ ഫയൽ വെയ്ക്കുന്നതിനാവശ്യമായ സൌകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. ഇതിനുള്ള കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/28.6.25) ലഭ്യമാക്കിയ മറുപടിയിൽ, ദേവികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ വി ഇ ഓ ഓഫീസിലേയ്ക്ക് പശ്ചാത്തല സൌകര്യങ്ങൾ പൂർണ്ണമായി ഒരുക്കിയിട്ടില്ല എന്നും 2025-26 വർഷം ഓഫീസിന്റെ നെറ്റ്വർക്കിംഗും ഇലക്ട്രിഫിക്കേഷനുമായി സ്പിൽ ഓവർ പദ്ധതി ഏറ്റെടുത്തിട്ടുണ്ടെന്നും ഓഫീസ് സജ്ജമാക്കി ജീവനക്കാർക്ക് കൈമാറുന്നതാണെന്നും അറിയിച്ചു. ആവശ്യമായ പശ്ചാത്തല സൌകര്യങ്ങൾ ഏർപ്പെടുത്തി പുതുതായി നിർമ്മിച്ച വി ഇ ഓ ഓഫീസ് പ്രവർത്തന ക്ഷമമാക്കേണ്ടതാണ്.

1-30 അമൃതം ന്യൂട്രിമിക്സ് -ചരക്ക് സേവന നികുതി സ്രോതസ്സിൽ കുറവ് ചെയ്തില്ല

പ്രോജക്ട് നം. 67/25

പ്രോജക്ടിന്റെ പേര് - അനുപൂരക പോഷകാഹാരം പദ്ധതി
നിർവഹണം – ഐ.സി.ഡി.എസ്. സൂപ്പർവൈസർ

മേൽ പദ്ധതിയുടെ നിർവഹണത്തിന്റെ ഭാഗമായി 7674.5 Kg അമൃതം ന്യൂട്രിമിക്സ് ദുർഗ്ഗാ ലക്ഷ്മി അമൃതം ഫുഡ് പ്രോഡക്ട്, കീരിക്കാട് എന്ന കുടുംബശ്രീ യൂണിറ്റിൽ നിന്ന് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി ചെലവഴിച്ച നികുതി ബാധകമായ തുക 537215/- രൂപയാണ്. ഈ തുകയിൽ നിന്നും നിയമാനുസൃതമായി ഈടാക്കേണ്ട ചരക്ക് സേവന നികുതി 10744/- രൂപ സ്രോതസ്സിൽ കുറവ് ചെയ്തില്ല.

അമൃതം ന്യൂട്രിമിക്സ് വാങ്ങിയതിന്റെ ബിൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ബിൽ നം.	അളവ് (കി.ഗ്രാം)	നികുതി ബാധകമായ തുക(@70/k.g)
576/17.4.2024	984	68880
578/6.6.2024	1130.5	79135
597/25.7.2024	810	56700
422/8.9.2024	990.5	69335
437/13.11.2024	816	57120
463/7.1.2025	980	68600
491/14.2.2025	987	69090
609/20.3.2025	976.5	68355
ആകെ		537215

കേന്ദ്ര ധന മന്ത്രാലയത്തിന്റെ 13.9.2018 ലെ വിജ്ഞാപനം നം.50/2018 സെൻട്രൽ ടാക്സ് പ്രകാരം ചരക്ക് സേവന നികുതി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്യുമ്പോൾ കരാർ തുക 250000/- രൂപയിൽ അധികമാണെങ്കിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ സ്രോതസ്സിൽ നിന്ന് 2% തുക കുറവ് ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം ബില്ലിൽ നിന്ന് കുറവ് ചെയ്തിട്ടില്ല. അപാകത

സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 10/25-6-2025 ന് നൽകിയ മറുപടിയിൽ ടി സ്ഥാപനം 2024-25 വർഷത്തിൽ ജി.എസ്.ടി. റിട്ടേൺ ഫയൽ ചെയ്തതായും അടുത്ത സാമ്പത്തിക വർഷം മുതൽ (2025-26) ബിൽ തുകയിൽ നിന്നും ടി.ഡി.എസ് ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 8.9.2020 ലെ 1/87/2019 നമ്പർ സർക്കുലർ പ്രകാരം എല്ലാ നിർവഹണ ഉദ്യോഗസ്ഥരും ജി.എസ്.ടി. ടി.ഡി.എസ്. ഡിഡക്ടർ രജിസ്ട്രേഷൻ എടുക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ജി.എസ്.ടി. ടി.ഡി.എസ്. ഡിഡക്ടർ രജിസ്ട്രേഷൻ എടുക്കാൻ നടപടി സ്വീകരിക്കേണ്ടതും മേൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനം 2024-25 വർഷം ജി.എസ്.ടി. റിട്ടേൺ ഫയൽ ചെയ്തതിന്റെ രേഖകളും പ്രോജക്ട് പ്രകാരം നടത്തിയ സപ്ലൈയുടെ ടാക്സ് ഒടുക്കിയതിന്റെ രേഖകളും ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

ചെലവ്

ചെക്ക് നം./ട്രഷറി ബിൽ നം.	തുക
8434938/30.7.2024	293400
8434938/30.7.2024	72919
240709000000006727/26.12.2024	194929
005134/28-12-24	61350
240709000000006728/26.12.2024	301244
240709000000006719/26.12.2024	87604
2407090000000067511/21.01.2025	125000
07130049/24.1.2025	119553
7286812/17.2.2025	45742
240709000000008493/25.02.2025	100000
07130049/24.1.2025	43305
7286816/14.3.2025	73531
240709000000009404/18.3.2025	16223
734086/16.3.2025	169486
00566843/24.3.2025	72749

1-31 വാർഡുകളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിയ്ക്കൽ പദ്ധതി നടപ്പാക്കിയില്ല

മാലിന്യമുക്ത നവകേരള പദ്ധതിയുടെ ഭാഗമായി വാർഡുകളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിയ്ക്കൽ എന്ന പദ്ധതി 2023-24 സാമ്പത്തിക വർഷം 159/24 നമ്പരായി ഏറ്റെടുത്തിട്ടുണ്ട്. പദ്ധതിയുടെ ടെണ്ടർ റെയ്ഡ്കോയ്ക്ക് ആണ് അംഗീകരിച്ച് നൽകിയിട്ടുള്ളത്. 2023-24 സാമ്പത്തിക വർഷം ടി പദ്ധതി നടപ്പാക്കിയിട്ടില്ല. തൻവർഷവും ഈ പദ്ധതി ഏറ്റെടുത്തെങ്കിലും നടപ്പാക്കിയില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17/26.6.2025 ന് ലഭ്യമാക്കിയ മറുപടിയിൽ റെയ്ഡ്കോയ്ക്ക് ആവർത്തിച്ച് നിർദ്ദേശം നൽകിയിട്ടും ബോട്ടിൽ ബൂത്തിന്റെ മാതൃക മാത്രമാണ് ലഭ്യമാക്കിയതെന്ന് അറിയിച്ചു. 2025-26 വർഷം സ്പിൽ ഓവറായി പദ്ധതി ഏറ്റെടുത്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മേൽ പദ്ധതി പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-32 സാമൂഹ്യ സുരക്ഷ പെൻഷൻ - മരണപ്പെട്ടശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തു

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ പഞ്ചായത്തിലെ 2024-25 കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെന്റ് ചെയ്യാതെ അക്കൌണ്ടിലേയ്ക്ക് തുക നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ	ഗുണഭോക്താവിന്റെ	പെൻഷൻ തരം	പെൻഷൻ	മരിച്ച	അനർഹമായ	അനർഹമായ

നമ്പർ	പേര്		ഐ.ഡി.	തീയതി	കാലയളവ്	കാലയളവിൽ വിതരണം ചെയ്ത തുക
1	രാധ	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104980600958	19.02.2025	3.2025 മുതൽ 04.2025 വരെ (2 മാസം)	3200 (1600x2)
2	ദേവകി	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104980200270	08.01.2025	2.2025 മുതൽ 04.2025 വരെ (3 മാസം)	4800 (1600x3)
3	വിശ്വനാഥൻ.ഡി	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104980201665	25.01.2025	2.2025 മുതൽ 04.2025 വരെ (3 മാസം)	4800 (1600x3)
4	ഗോപാലകൃഷ്ണ കുറുപ്പ്	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104980202776	09.02.2025	3.2025 മുതൽ 04.2025 വരെ (2 മാസം)	3200 (1600x2)
5	ജ്ഞാനാംബിക	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104980200250	03.12.2025	1.2025 മുതൽ 04.2025 വരെ (4 മാസം)	6400 (1600x4)
6	പരമാനന്ദൻ	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104980200327	15.12.2024	1.2025 മുതൽ 04.2025 വരെ (4 മാസം)	2400 (600x4)

മേൽ അപാകതയുടെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്, (23/27.06.2025) മരണപ്പെട്ടവരുടെ ബാങ്ക് അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെട്ട തുക തിരികെ സർക്കാരിലേക്ക് അടവാക്കുന്നതിന് അതാത് ബാങ്കിന് അറിയിപ്പ് നൽകി തുടർ നടപടികൾ സ്വീകരിച്ച് തുക തിരികെ ഈടാക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി. മുകളിൽ സൂചിപ്പിച്ചിരിക്കുന്നവരുടെ അക്കൌണ്ടിലേക്ക് അനർഹമായ കാലയളവിൽ നൽകിയ പെൻഷൻ തുകയായ 24,800/- രൂപ അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

1-33 എ.ബി.സി പ്രോഗ്രാം പദ്ധതി വിഹിതം - വിനിയോഗ വിവരം ലഭ്യമല്ല

മുതുകുളം ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന എ.ബി.സി. പ്രോഗ്രാം കെട്ടിടനിർമ്മാണ പദ്ധതിക്കായി ഒരു ലക്ഷം രൂപ 28.3.2025 ൽ പ്രസ്തുത സ്ഥാപനത്തിന് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ എസ്.0049/25 പ്രോജക്ട് വഴി കൈമാറിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 3.1.25 ലെ 8/25 ഡി നമ്പർ കത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചത്. എന്നാൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/21.06.2025) ലഭ്യമാക്കിയ മറുപടിയിൽ ധനവിനിയോഗ സാക്ഷ്യപത്രം വാങ്ങി ഓഡിറ്റിൽ ലഭ്യമാക്കുന്നതാണെന്ന് വ്യക്തമാക്കി. ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ഒരു ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രോജക്ട് വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് - എ.ബി.സി. പദ്ധതിക്ക് വിഹിതം നൽകൽ (നം. എസ്. 0049/25)

അടങ്കൽ, ചെലവ് - ഒരു ലക്ഷം രൂപ (തനത് ഫണ്ട്, വൌച്ചർ നം - 22401094/28.3.2025)

1-34 കുടുംബാരോഗ്യ കേന്ദ്രത്തിനും പാലിയേറ്റീവ് കെയറിനും മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായത് ഭാഗികമായി മാത്രം

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നിർവ്വഹണം നടത്തിയ "കുടുംബാരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ", "പാലിയേറ്റീവ് കെയർ പദ്ധതി" എന്നീ പ്രോജക്ടുകൾ വഴി യഥാക്രമം 9,68,178/- രൂപ, 3,65,220/- രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ടുകൾ വഴി യഥാക്രമം 595204/- രൂപയും, 3,65,220/- രൂപയും മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് (KMSCL) നൽകിയതാണ്. എന്നാൽ മരുന്നൊന്നും ഇതുവരെ ലഭ്യമായിട്ടില്ല. കുടുംബാരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ പ്രോജക്ട് വഴി കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽ ലിമിറ്റഡിന് നൽകിയ 372974/- രൂപയിൽ 307230/- രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട്. 65744/- രൂപയുടെ മരുന്ന് ഇനിയും ലഭിക്കാനുണ്ട്. ഇപ്രകാരം ആകെ 10,26,168/- (5,95,204+3,65,220+65,744) രൂപയുടെ മരുന്ന് ലഭിക്കാനുണ്ട്. മരുന്നു ലഭ്യമാക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ സ്വീകരിച്ച നടപടികൾ ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 2/21.06.25) മരുന്ന് ലഭ്യമാക്കുന്നതിന് കത്ത് നൽകിയതായി മറുപടി ഹാജരാക്കിയിരുന്നു. മരുന്ന് ലഭിക്കാത്ത സാഹചര്യത്തിൽ 10,26,168/- രൂപ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രോജക്ട് സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് – കുടുംബാരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ (നം. എസ്.0070/25)

അടങ്കൽ – 10 ലക്ഷം രൂപ (റോഡിതര സംരക്ഷണ ഗ്രാന്റ്)

ചെലവ് – 968178/- രൂപ (ബിൽ റഫ. നം. 01306805/ 11.02.2025)

പ്രോജക്ട് –പാലിയേറ്റീവ് കെയർ പദ്ധതി (നം. എസ്. 0076/25)

അടങ്കൽ- 10 ലക്ഷം രൂപ (6 ലക്ഷം രൂപ, വികസന ഫണ്ട് (ജനറൽ), 4 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ആകെ ചെലവ് – 8,68,580/- രൂപ (6 ലക്ഷം രൂപ, വികസന ഫണ്ട് (ജനറൽ), 268580/- രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

മരുന്ന് വാങ്ങാൻ ചെലവഴിച്ചത് – 365220/- രൂപ, (ബിൽ റഫ. നം. 01522945/13.3.25)

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 സ്ഥാപനതൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ/കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ/സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2024-25ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്തീടാക്കിയിട്ടില്ല.

ക്രമ നം	സ്ഥാപനം	അർദ്ധവർഷം	ഈടാക്കാവുന്ന സ്ഥാപന തൊഴിൽ നികുതി
1	വിശ്വ ഗുരു നാരായണ ലിമിറ്റഡ്	രണ്ട് അർദ്ധവർഷങ്ങളിലും	1250 X 2 =2500
2	ശ്രീ ലക്ഷ്മി ഫിനാൻസ്	രണ്ട് അർദ്ധവർഷങ്ങളിലും	1250 X 2 =2500
3	അസറ്റ് ഫിനാൻസ്	രണ്ട് അർദ്ധവർഷങ്ങളിലും	1250 X 2 =2500

തൊഴിൽ നികുതി ഈടാക്കാത്തതു വഴി ആകെ 7500/- രൂപ പഞ്ചായത്തിനു നഷ്ടമായിട്ടുണ്ട്. സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി അടവാക്കുന്നതിന് രണ്ട് അർദ്ധവർഷത്തിലും ഡിമാന്റ് നോട്ടീസ് നൽകിയിരുന്നെങ്കിലും തുക അടവാക്കിയിട്ടില്ലായെന്നും തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള(നം. 04/21.06.2025) മറുപടി ലഭ്യമാക്കി. തൊഴിൽ നികുതി ഈടാക്കി മറുപടി രേഖാമൂലം ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കേണ്ടതാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്പ് പ്രീമിയം ഒടുക്കിയതിന്റെ വിവരം

1) മെഡിസെപ്പ് പ്രീമിയം ഒടുക്ക് – റഗുലർ ജീവനക്കാർ

ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയമിനത്തിൽ ഈടാക്കിയ തുക	മെഡിസെപ്പ് പ്രീമിയമിനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
16	95500	95500	0	-

2) **മെഡിസെപ്പ് പ്രീമിയം ഒടുക്ക് – (1.4.24 മുതൽ 30.6.24 വരെ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ**)

ഇല്ല

3) മെഡിസെപ്പ് പ്രീമിയം ഒടുക്ക് – (1.7.24 ൽ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ)

ഇല്ല

4) **മെഡിസെപ്പ് പ്രീമിയം ഒടുക്ക് – (1.8.24 മുതൽ 31.3.25 വരെ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ)**

ഇല്ല

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	തുകകഡി	പ്രോജക്റ്റിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക്	**2024-25**	**268580**	പാലിയേറ്റീവ് കെയർ പദ്ധതി	**268580**	**0**
	24-25	**400000**	അതിദരിദ്രർക്കുള്ള മൈക്രോ പ്ലാൻ(ഭൂമിയും വീടും)	**400000**	**0**
	23-24	**1126619**	ലൈഫ് പദ്ധതി-എസ് സി	**1126619**	**0**
	24-25	**50000**	വീട് മെയിന്റനൻസ്(അതിദരിദ്രർ)	**50000**	**0**
	24-25	**260000**	ലൈഫ് പദ്ധതി	**260000**	**0**
	24-25	**500000**	ലൈഫ് പദ്ധതി(scp)	**500000**	**0**
	24-25	**950000**	ലൈഫ് പദ്ധതി	**950000**	**0**
	24-25	**125000**	അനുപൂരക പോഷകാഹാര പരിപാടി	**125000**	**0**
	24-25	**150000**	സ്കോളർഷിപ്പ്	**150000**	**0**
	24-25	**652162**	പാലിന് സബ്സിഡി	**652162**	**0**
	23-24	**444910**	ബഡ്സ് സ്കൂൾ	**444910**	**0**
	ആകെ	**4927271**		**4927271**	
ജില്ല	**23-24**	**81220**	ലൈഫ് പദ്ധതി(scp)	**81220**	**0**
	24-25	**151438**	റിംഗ് കമ്പോസ്ററ് വിതരണം	**151438**	**0**
	24-25	**1440000**	ലൈഫ് പദ്ധതി	**1440000**	**0**

	24-25	100000	അനുപൂരക പോഷകാഹാര പരിപാടി	100000	0
	24-25	50000	സ്കോളർഷിപ്പ്	50000	0
	24-25	100000	പാലിന് സബ്സിഡി	100000	0
	24-25	184430	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി	184430	0
	ആകെ	2107088		2107088	

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൌച്ചർ. നമ്പർ/ ചെക്ക് നം	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
ജലസേചന വകുപ്പ് (മെക്കാനിക്കൽ)	ശുദ്ധ ജല സംരക്ഷണത്തിനുള്ള ഷട്ടർ മെയിന്റനൻസ്	22401075/ 24.03.2025 22401126,18/03/2025	1080000 156000	0 0	1080000 156000

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക ചെലവഴിച്ചിട്ടില്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ഇനത്തിൽ 56 ലക്ഷം രൂപയുടെ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തീയതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(രൂപ)	തൻവർഷ വായ്പ തുക (രൂപ)	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(രൂപ)
				മുതൽ (രൂപ)	പലിശ (രൂപ)	
KURDFC വായ്പ/ലൈഫ് ഭവന പദ്ധതി	GO(Rt)682/2022 Dtd 12.10.2022 GO(Rt) 1049/2023 Dtd 13.12.2023	98,75,277	56,00,000	15,77,875		138,97,402

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (രൂപ)	4,78,09,026
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(രൂപ)	4,67,65,077
വരവിനങ്ങളിലുള്ള നഷ്ടം(രൂപ)	7,500
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (രൂപ)	10744
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക(രൂപ)	2513524

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
2-1	7500	-	ശ്രീ.പോൾ.വി.ജെ, സെക്രട്ടറി
ആകെ	7,500/-	-	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക(രൂപ)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-20	1236000	ശ്രീ.പോൾ.വി.ജെ, സെക്രട്ടറി
1-25	11250	ശ്രീമതി.രമ്യ കെ ആർ, അസിസ്റ്റന്റ് എൻജിനീയർ
1-28	140106	ഡോ.ബാലലക്ഷ്മി, മെഡിക്കൽ ഓഫീസർ (ഹോമിയോ)
1-33	100000	ശ്രീ.പോൾ.വി.ജെ, സെക്രട്ടറി
1-34	1026168	ഡോ.അജേഷ്, മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി)
ആകെ	2513524	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക
1-30	10744(cgst-5372,sgst-5372)

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി.രമ്യ കെ.ആർ, അസിസ്റ്റന്റ് എൻജിനീയർ	അസിസ്റ്റന്റ് എൻജിനീയർ, ദേവികുളങ്ങര ഗ്രാമപഞ്ചായത്ത്	വൃന്ദാവൻ, മൺവിള, പങ്കപ്പാറ പി.ഒ, തിരുവനന്തപുരം, 695581
ശ്രീ.പോൾ.വി.ജെ,സെക്രട്ടറി	വിരമിച്ചു	വട്ടത്തിൽ ഹൌസ്, ആലപ്പുഴ വെസ്റ്റ്, ആലപ്പുഴ
ഡോ.ബാലലക്ഷ്മി, മെഡിക്കൽ ഓഫീസർ (ഹോമിയോ)	മെഡിക്കൽ ഓഫീസർ (ഹോമിയോ), ദേവികുളങ്ങര ഗ്രാമപഞ്ചായത്ത്	നിയാസ് മൻസിൽ, ഉമയനല്ലൂർ.പി.ഒ കൊല്ലം
ഡോ.അജേഷ്, മെഡിക്കൽ ഓഫീസർ, (എഫ്.എച്ച്.സി)	മെഡിക്കൽ ഓഫീസർ, (എഫ്.എച്ച്.സി), ദേവികുളങ്ങര	കണ്ടിലേത്ത് ഹൌസ്, ഇലിപ്പക്കുളം പി ഒ, പള്ളിക്കൽ

4-11 തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1995-96	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
1996-97	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
1997-98	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
2000-01	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
2001-02	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
2002-03	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
2003-04	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
2004-05	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
2005-06	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
2006-07	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
2007-08	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
2008-09	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
2009-10	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23

2010-11, 2011-12, 2012-13	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
2013-14	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
2014-15	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
2015-16	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
2016-17	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
2017-18	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23
2018-19	കെ.എസ്.എ-എ.എൽ.പി. 11/1256 (4)/2022 തീയതി 28.04.23 തീയതി 10.10.2019
2019-20	കെ.എസ്.എ-എ.എൽ.പി/പി11-749/2021 തീയതി 27.09.2021
2020-21	കെ.എസ്.എ-എ.എൽ.പി/പി11-750/2021 തീയതി 27.09.2021
2021-22	കെ.എസ്.എ-എ.എൽ.പി/പി11-1369/2022 തീയതി 04.11.2022
2022-23	കെ.എസ്.എ-എ.എൽ.പി/പി11-1092/2023 തീയതി 03.10.2023
2023-24	കെ.എസ്.എ-എ.എൽ.പി/പി11-825 /2024/4.11.2024

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 3 dated 3 dated 20-05-2025 and submitted on 31-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Devikulangara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Devikulangara Grama Panchayat as on 31-03-2025

Date: 14/08/2025 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Devikulangara Grama Panchayat for the Year 2024-2025.

1.Major Observations

1) Value of Land owned by Grama Panchayath is not included in AFS.
2) Depreciation of Building is not assesed in 2024-25.

2.Other Observations

1) Accounting statements like Ratios are not included with AFS.
2) Asset register is not up to date, So the asset value in AFS cannot be verified.

Deputy Director

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്